**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3855** **17-03-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വാർഡ് 4 കറ്റാനം വില്ലേജ് ഓഫീസ് കാട്ടുരേത്ത് റോഡ്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 18 പാട്ടത്തിൽ മുന്ന്- ഗുരുമന്ദിരം-ചക്കാട റോഡ് എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തടസ്സങ്ങൾ എന്താണ് എന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | പരാമർശിത രണ്ട് റോഡുകളും തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമാക്കിയ റോഡുകളാണ്. ഇതിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വാർഡ് 4 കറ്റാനം വില്ലേജ് ഓഫീസ് കാട്ടുരേത്ത് റോഡ് പ്രവൃത്തി 29-05-2023-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 18 പാട്ടത്തിൽ മൂന്ന്- ഗുരുമന്ദിരം-ചക്കാട റോഡ് പ്രവൃത്തിക്ക് wet land ൽ നിർമാണം നടത്തുന്നതിനുള്ള അനുമതി ആവശ്യമായിരുന്നതിനാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. 04-11-2023-ൽ അവസാനിച്ച ഈ റോഡിൻ്റെ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നിർദേശം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ